


# സൻമനസ്സുള്ള സഹോദരൻ

ബഗ്ദാദിലെ ഒരു കർഷകനും കച്ചവടക്കാരനുമായിരുന്ന അബൂ മുസാഫിർ അധ്വാനശീലനും സൻമനസ്സുള്ളവനുമായിരുന്നു. അദ്ദേഹത്തിന് രണ്ട് മക്കളുണ്ടായിരുന്നു. അഹമ്മദും മുഹമ്മദും. പിതാവ് രോഗശയ്യയിൽ കിടന്നപ്പോൾ രണ്ട് മക്കളെയും അടുത്ത് വിളിച്ച് അദ്ദേഹം പറഞ്ഞു: ''ഇനി എന്റെ സമ്പത്ത് നിങ്ങൾ രണ്ടാൾക്കുമാണ്. എന്റെ മരണശേഷം എന്റെ കൃഷിയിടവും കച്ചവടസാമഗ്രികളും നിങ്ങൾക്കാണ്. ഇഷ്ടമുള്ള ജോലി നിങ്ങൾ രണ്ടാളും തെരെഞ്ഞെടുക്കുക.''. അഹമ്മദ് കച്ചവടം തെരഞ്ഞെടുത്തു. മുഹമ്മദ് കൃഷിയിടം സന്തോഷത്തോടെ ഏറ്റെടുത്തു. മുഹമ്മദ് പിതാവിനെപ്പോലെ അധ്വാനശീലനും സന്മനസ്സുള്ളവനുമായിരുന്നു. അഹമ്മദ് പിശുക്കനും മടിയനുമായിരുന്നു. പിതാവിന്റെ മരണശേഷം മുഹമ്മദ് കൃഷിയിടത്തിലേക്ക് പോയി. എന്നാൽ അഹമ്മദ് രോഗം അഭിനയിച്ച് വീട്ടിലിരുന്നു. മുഹമ്മദ് കൃഷി ചെയ്തുണ്ടാക്കിയ പച്ചക്കറികളും ധാന്യങ്ങളും വിറ്റ് ഉണ്ടാക്കിയ പണം കൊണ്ട് അഹമ്മദും കഴിഞ്ഞു. ദിവസങ്ങൾ കടന്നുപോയി. ഒരു നാൾ ബഗ്ദാദിൽ വലിയ വരൾച്ച അനുഭവപ്പെട്ടു. മുഹമ്മദിന്റെ കൃഷി നനക്കാനുള്ള ജലസ്രോതസ്സ് വറ്റി വരണ്ടു. കൃഷിയിടം വെള്ളം ലഭിക്കാതെ കരിഞ്ഞുപോയി.

വളരെ വിഷമത്തോടെ മുഹമ്മദ് അഹമ്മദിന്റെ അടുത്ത് വന്ന് സങ്കടം പറഞ്ഞു. ഈ വരൾച്ച കഴിയുന്നത് വരെ നമുക്കൊരുമിച്ച് കച്ചവടം നടത്താം എന്നും പറഞ്ഞു.

അത് പറ്റില്ല, കച്ചവടം ഞാൻ ഒറ്റക്ക് നടത്തിക്കോളാം. നിനക്ക് ഉപ്പ തന്നത് കൃഷി ഭൂമിയാണ്. അതിൽ നിന്റെ ഇഷ്ടം പോലെ എന്താന്ന് വെച്ചാൽ നീ ചെയ്തോ.. കച്ചവടത്തിന്റെ കാര്യം ഞാൻ നോക്കിക്കോളാം എന്നും പറഞ്ഞ് അഹമ്മദ് വീട്ടിൽ നിന്നിറങ്ങി.

മുഹമ്മദ് അതുകേട്ട് സങ്കടത്തോടെ നിന്നു. പടച്ചവനോട് പ്രാർത്ഥിച്ചു.

അൽപം ദിവസം കഴിഞ്ഞപ്പോഴേക്കും ബഗ്ദാദിൽ നല്ല മഴ പെയ്യാൻ തുടങ്ങി. മുഹമ്മദിന്റെ കൃഷി പഴയപോലെത്തന്നെ ആയി.

കുറേ കാലം കച്ചവടം ഒന്നും ചെയ്യാതിരുന്നതിനാൽ അഹമ്മദിന്റെ കച്ചവട സാമഗ്രികൾ എല്ലാം ചീത്തയായിരുന്നു. അതിനാൽ കച്ചവടമൊന്നും നടന്നിരുന്നില്ല. വളരെ വിഷമത്തോടെ അഹമ്മദ് മുഹമ്മദിന്റെ അടുത്തേക്ക് തന്നെ തിരിച്ചെത്തി. മുഹമ്മദിനോട് മാപ്പ് പറയുകയും ചെയ്തു. മുഹമ്മദ് അഹമ്മദിനെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടു പോയി. അവർ പിന്നീട് വളരെ സ്നേഹത്തോടെ ജീവിച്ചു.

**മുഹമ്മദ് തമീം. കെ.എസ്**, ക്ലാസ് 9
വി.ജി.എച്ച്.എസ് സ്കൂൾ നദ്‌വത്ത് നഗർ



**അനിരുദ്ധ് പി**, ക്ലാസ് 5
പി.ഇ.എസ്. വാദിഹുദ പഴയങ്ങാടി



**ദേവേന്ദ്ര ശേഖർ**, ക്ലാസ് 7
എ.സി.കെ. എൻ.എസ് ജി.യു.പി.എസ് മേലങ്ങോട്ട്, കാഞ്ഞങ്ങാട്

▸▸ കേരളത്തിന്റെ വൃന്ദാവനം എന്നറിയപ്പെടുന്നത് – മലമ്പുഴ ഉദ്യാനം



**അബ്ദുല്ലാഹ് അർഷാദ്**
അൽ മനാർ സ്കൂൾ, യാമ്പു, സൗദി അറേബ്യ



**ഇഫത്ത് ഫാത്തിമ എം**
മദ്രസത്തുൽ അമാൻ, കൊല്ലങ്ങോട്

# മാതാവ്

മാതാവാണ് നമ്മുടെ ലോകം
മാതൃസ്നേഹം പരമാനന്ദം
മാതാവാണെല്ലാമെന്നും
മധുരമൂട്ടും മാലാഖ
പത്തുമാസം ചുമന്നു നമ്മെ
ലോകം ചുറ്റിക്കാണിച്ചു
ആദ്യം തന്നെ പിറന്നപ്പോൾ നമ്മെ
ഉപ്പയെന്ന് വിളിപ്പിച്ചു
പൂവും പറവയും പൂമ്പാറ്റകളും
പാറി നടക്കും ലോകത്തിൽ
അതിലും വലിയൊരു സ്നേഹം
പകരും അമ്മയാണെൻ മാലാഖ
മാതാവാണ് നമ്മുടെ ലോകം
മാതൃസ്നേഹം പരമാനന്ദം
മാതാവാണെല്ലാമെന്നും
മധുരമൂട്ടും മാലാഖ!

**നയന ഹഖ്**, ക്ലാസ് 7
എ.യു.പി.എസ്, പനമ്പാട്




# വൈകിയെത്തുന്ന തിരിച്ചറിവ്

മനുഷ്യർക്ക് അവരുടെ ആയുസ്സിൽ പലതരത്തിലുള്ള ഭാഗ്യനിർഭാഗ്യങ്ങൾ വന്നുപെടാം. സൗഭാഗ്യത്തിലായിരിക്കുമ്പോൾ സുഹൃത്തുക്കളെയും സഹോദരങ്ങളെയും അവഗണിക്കുന്നവർ പിന്നീട് അവരുടെ ജീവിതം ദുഷ്ക്കരമാകുമ്പോൾ അവർ മറ്റുള്ളവർക്ക് ഉണ്ടാക്കിയ വേദന ചിലപ്പോൾ തിരിച്ചറിഞ്ഞെന്നു വരും. 'സൻമനസുള്ള സഹോദരൻ' എന്ന കഥ ഇത്തരം ഒരു ജീവിത മുഹൂർത്തത്തിന്റെ ആവിഷ്ക്കാരമാണ്. നല്ല ജീവിത സന്ദേശങ്ങൾ ഇത് നൽകുന്നു.

മാതാവ് എന്ന കവിത വളരെ ഹൃദ്യം.

സസ്നേഹം

● മാഷ്